Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(www.planspace.kerala.gov.in) എന്ന 'Online Realtime Monitoring System' നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ/പ്രോജക്ടുകളുടെ പുരോഗതി സമയാസമയങ്ങളിൽ പ്രസ്തുത സംവിധാനങ്ങളിലൂടെ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. വാർഷിക പ്ലാൻ പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group-കളുടെ സാമ്പത്തിക അധികാര പരിധി 15 കോടി രൂപയായും Special Working Group (SWG)-ന്റേത് 15 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കായും പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി ഘടകങ്ങളിലും ഘടനയിലും മാറ്റമില്ലാത്തതുമായ തുടർപദ്ധതികൾക്ക് പരിധിയില്ലാതെ ഭരണവകുപ്പിന് തന്നെ ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നത് ഉറപ്പുവരുത്തുന്നതിനും ഭരണാനുമതിക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ, price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, SWG എല്ലാ ആഴ്ചയിലും യോഗങ്ങൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനായി ധനകാര്യ വകുപ്പ് ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ (budgetdata.kerala.gov.in) വഴി ഓരോ വർഷത്തെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി Chief Controlling Officer-മാർ രേഖപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും യഥാസമയം ബന്ധപ്പെട്ടവർക്ക് സെക്രട്ടറിതലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഭൗതിക പുരോഗതി നിരീക്ഷിക്കുവാനും സാദ്ധ്യമാണ്.

സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ പട്ടിക

3 (3) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ പട്ടിക സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല, എന്നാൽ കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടിക 3-6-2021-ലെ സ.ഉ(എം.എസ്)നം.114/2021/പൊഭവ. വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 135-ാം ക്രമ നമ്പറായ ശൈവവെള്ളാള സമുദായത്തെ സംബന്ധിച്ച് ഭേദഗതി വരുത്തി 5-7-2021-ൽ സ.ഉ(എം.എസ്) നം.129/2021/പൊഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ സമ്പൂർണ്ണ പട്ടികയല്ല. പ്രസ്തുത വിജ്ഞാപനം അനുബന്ധം I, II ആയി ചേർക്കുന്നു*.

കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ

4 (4) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്ഥലമേറ്റെടുക്കൽ നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തുനടത്തുന്നതിന് റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. ഇപ്രകാരം തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങേണ്ടതുണ്ട്. വിശദമായ സാമൂഹിക ആഘാത പഠനം, ഭൂമി അളന്നുതിട്ടപ്പെടുത്തുക എന്നിങ്ങനെ 2013-ലെ RFCTLARR വകുപ്പുപ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 18-8-2021-ലെ സ.ഉ(കൈ) നം. 163/2021/റവ. ഉത്തരവിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധസമിതിയെ രൂപീകരിച്ച് ശിപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ LARR ആക്ട് 2013-ലെ സബ്സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമാനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly